**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1505 03.05.2017-ൽ മറുപടിക്ക്**

**യു.എ.പി.എ. ചുമത്തപ്പെട്ട നിരപരാധികളെന്ന് കണ്ടെത്തിയവരുടെ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. പിണറായി വിജയൻ<br>( മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് മനുഷ്യാവകാശ പ്രവർത്തകരടക്കം നിരപരാധികളായ നിരവധിപേർ ക്കെതിരെ യു.എ.പി.എ. ചുമത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഈ വിഷയത്തിൽ സർക്കാർ പുന:പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ;<br>(സി) മുൻ സർക്കാരിന്റെ കാലത്ത് രാഷ്ട്രീയ സമ്മർദ്ദത്തിന് വഴങ്ങി ഉന്നത പോലീസ് കേന്ദ്രങ്ങൾ ഇത്തരം നിയമവിരുദ്ധ നടപടികളിൽ ഇടപെട്ടിട്ടുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ചില കേസുകളിൽ ഉദ്യോഗസ്ഥർക്ക് പ്രസ്തുത ആക്ടിലെ വ്യവസ്ഥകൾ സംബന്ധിച്ച തെറ്റിദ്ധാരണമൂലം യു.എ.പി.എ. ചുമത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് സംസ്ഥാന പോലീസ് മേധാവി യു.എ.പി.എ. പ്രകാരം രജിസ്റ്റർ ചെയ്ത കേസുകൾ റിവ്യൂ നടത്തിയിട്ടുള്ളത്. |
| (ഡി) സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ഡി.ജി.പി. ഈ വിഷയത്തിൽ എന്തെങ്കിലും റിപ്പോർട്ട് ആഭ്യന്തര വകുപ്പിന് നൽകിയിട്ടുണ്ടോ;<br>(ഇ) ഡി.ജി.പി. - യുടെ പരിശോധനയിൽ നിരപരാധികൾ എന്ന് കണ്ടെത്തിയ യു.എ.പി.എ. ചുമത്തപ്പെട്ടവരുടെ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; | ഇത് സംബന്ധിച്ച് റിപ്പോർട്ട് ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടില്ല. |

| | |
|---|---|
| (എഫ്) യു.എ.പി.എ. സംബന്ധിച്ച് മുൻ സർക്കാർ നിലപാടിനെ അപേക്ഷിച്ച് ഈ സർക്കാരിന്റെ പൊതു നിലപാട് വിശദമാക്കാമോ? | (എഫ്) യു.എ.പി.എ. ചുമത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് എല്ലാ നടപടി ക്രമങ്ങളും പാലിക്കണമെന്ന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും സംസ്ഥാന പോലീസ് മേധാവി മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനോ/ ഉദ്യോഗസ്ഥരോ ടി നിയമത്തെ ദുരുപയോഗം ചെയ്തതായി വെളിവായാൽ ഉത്തരവാദികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**